

# കേരള നിയമസഭാ ലൈബ്രറി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

## ചരിത്രം

തിരുവിതാംകൂർ ദിവാന്റെ ഓഫീസ് ലൈബ്രറിയാണ് 1921 ൽ ലെജിസ്ലേറ്റീവ് ലൈബ്രറിയായും, 1949ൽ തിരു-കൊച്ചി സംസ്ഥാന രൂപീകരണത്തോടെ ട്രാവൻകൂർകൊച്ചിൻ അസംബ്ലി ലൈബ്രറിയായും, തുടർന്ന് 1956ൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ കേരള നിയമസഭാ ലൈബ്രറിയായും നാമകരണം ചെയ്യപ്പെട്ടത്. കേരള ലെജിസ്ലേച്ചർ ലൈബ്രറി റൂൾസ്, 2006 എന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് നിയമസഭാ ലൈബ്രറി പ്രവർത്തിക്കുന്നത്.

## ലൈബ്രറി ഉപദേശക സമിതി

സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ലൈബ്രറി ഉപദേശക സമിതിയിൽ, ചെയർമാനു പുറമേ ആറ് സാമാജികരും എക്സ് ഒഫീഷ്യോ മെമ്പറായി നിയമസഭാ സെക്രട്ടറിയും ഉൾപ്പെടുന്നു. ലൈബ്രറിക്കാവശ്യമായ ഗ്രന്ഥങ്ങളും, ആനുകാലികങ്ങളും തെരഞ്ഞെടുക്കുക, അംഗങ്ങളുടെ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലൈബ്രറിയുടെ പൊതുവായ വികസനത്തിനാവശ്യമായ ശുപാർശകൾ ബഹു. സ്പീക്കർക്ക് സമർപ്പിക്കുക എന്നിവ സമിതിയുടെ ചുമതലയിൽപെടുന്നു.

## അംഗത്വം

കേരള നിയമസഭാ സാമാജികർ, കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങൾ, മുൻ സാമാജികർ,കേരളത്തിൽ നിന്നുള്ള മുൻപാർലമെന്റംഗങ്ങൾ, കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ, ഗവ. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ, ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ മേധാവികൾ, കേരള നിയമസഭയുടെ മുൻ സെക്രട്ടറിമാർ, കേരള നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ, സിവിൽ സർവ്വീസ് പരീക്ഷാർത്ഥികൾ, ഗവ. സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിതലം മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ, കേരള നിയമസഭാംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റുമാർ എന്നിവർക്ക് നിയമസഭാ ലൈബ്രറിയിൽ അംഗത്വം നൽകി വരുന്നു.

## ലൈബ്രറി ശേഖരം

വിവിധ വിഷയങ്ങളിലായി 1,13,000ത്തിലധികം ഗ്രന്ഥങ്ങൾ നിയമസഭാ ലൈബ്രറിയിൽ ഉണ്ട്. ഇവയിൽ പൊതുവിഭാഗത്തിലുള്ള ഗ്രന്ഥങ്ങൾക്കു പുറമേ സർക്കാറിന്റെ വിവിധ കമ്മറ്റികളുടെയും കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ, ഗസറ്റുകൾ, രാജകീയ വിളംബരങ്ങൾ, ആക്ടുകൾ, ഓർഡിനൻസുകൾ, തിരുവിതാംകൂർ, കൊച്ചി, കേരള നിയമനിർമ്മാണ സഭകളുടെ നടപടികൾ (1888 മുതലുള്ളവ) സെൻസസ് റിപ്പോർട്ടുകൾ, സുവനീറുകൾ/ആനുകാലികങ്ങളുടെ ബയന്റ് ചെയ്ത വാല്യങ്ങൾ മുതലായവ ഉൾപ്പെടുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രമുഖ മാസികകളും, ദിനപത്രങ്ങളും ലൈബ്രറിയിൽ വാങ്ങുന്നുണ്ട്.

## പ്രത്യേക വിഭാഗത്തിൽപ്പെടുന്ന ശേഖരം

കേരളത്തെ സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ, സുവനീറുകൾ, ഗസറ്റുകൾ, കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ റിപ്പോർട്ടുകൾ, ജീവചരിത്രം, പാർലമെന്ററി വിഭാഗം, ഗാന്ധിയൻ പഠനങ്ങൾ എന്നിവ പ്രത്യേക വിഭാഗങ്ങളായി ലൈബ്രറിയിൽ ക്രമീകരിച്ചിട്ടുണ്ട്.

## ഗ്രന്ഥങ്ങളുടെ വിന്യാസം

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മൂന്ന് നിലകളിലായിട്ടാണ് പ്രധാന ഗ്രന്ഥശേഖരം സജ്ജീകരിച്ചിട്ടുള്ളത്.

### രണ്ടാം നില

റഫറൻസ് ഗ്രന്ഥങ്ങൾ, റിപ്പോർട്ടുകൾ, പാർലമെന്ററി വിഷയത്തെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, സുവനീറുകൾ, പുതിയ ആനുകാലികങ്ങൾ, കേരളത്തെ സംബന്ധിക്കുന്ന പുസ്തക ശേഖരം മുതലായവ ക്രമീകരിച്ചിരിക്കുന്നു. ലൈബ്രറിയുടെ റഫറൻസ് വിഭാഗം ഇവിടെയാണ് പ്രവർത്തിക്കുന്നത്.

### ഒന്നാം നില

പൊതുവിഭാഗത്തിൽപ്പെടുന്ന വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ, കഴിഞ്ഞ കാല വർത്തമാന പത്രങ്ങൾ, തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി നിയമനിർമ്മാണ സഭകളുടെ നടപടിരേഖകൾ, പാർലമെന്റ്, നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവ ഇവിടെ ക്രമീകരിച്ചിരിക്കുന്നു. നിയമസഭാ രേഖകൾ സംരക്ഷിച്ച് സൂക്ഷിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ചിട്ടുള്ള ലൈബ്രറി ആർക്കൈവ്സ് ഇവി ടെയാണ് സജ്ജീകരിച്ചിരിക്കുന്നത്.

### താഴത്തെ നില

താഴത്തെ നിലയിൽ ആനുകാലികങ്ങളുടെ ബൈന്റു ചെയ്ത മുൻലക്കങ്ങൾ, ലോക്സഭാ, രാജ്യസഭാ നടപടികൾ, ഗവൺമെന്റ് ഗസറ്റുകൾ, സെൻസസ് റിപ്പോർട്ടുകൾ, സർക്കാറിന്റെ ഭരണ റിപ്പോർട്ടുകൾ എന്നിവയാണ് സജ്ജീകരിച്ചിട്ടുള്ളത്.

## ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടർ

അംഗങ്ങളുടെ വാസസ്ഥലമായ എം.എൽ.എ ഹോസ്റ്റലിൽ പ്രവർത്തിക്കുന്ന നിയമസഭാ ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടറിൽ പ്രധാന ദിനപത്രങ്ങൾ, ആനുകാലികങ്ങൾ, കേരള ഗസറ്റ് എന്നിവ ലഭ്യമാണ്.

## മെമ്പേഴ്സ് റഫറൻസ് ബ്രാഞ്ച്

നിയമസഭാ സാമാജികർക്ക് സഭാ സമ്മേളന വേളയിൽ സൗകര്യപ്രദമായി ലൈബ്രറി സേവനം ലഭ്യമാക്കുന്നതിനായി അസംബ്ലി മന്ദിരത്തിലെ 504-ാം നമ്പർ മുറിയിലാണ് ഈ ബ്രാഞ്ച് സജ്ജമാക്കിയിരിക്കുന്നത്. അത്യാവശ്യ റഫറൻസ് ഗ്രന്ഥങ്ങൾക്ക് പുറമേ, പ്രധാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, നിയമസഭാ നടപടികൾ, സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന രേഖകൾ എന്നിവ ഇവിടെ ലഭ്യമാണ്. പത്രവാർത്തകളും ലേഖനങ്ങളും വിഷയാടിസ്ഥാനത്തിൽ ഫോൾഡറുകളിലാക്കി 'പ്രസ്സ് ക്ലിപ്പിംഗ് ഫോൾഡേഴ്സ്' എന്നപേരിൽ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്.

## കുട്ടികളുടെ ലൈബ്രറി

നിയമസഭാ സംവിധാനത്തെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും കുട്ടികളിൽ ആഭിമുഖ്യം വളർത്തുകയും, കുട്ടികളിൽ വായനാശീലം വളർത്തുകയും ലക്ഷ്യമിട്ടുള്ളതാണ് കുട്ടികളുടെ ലൈബ്രറിയുടെ പ്രവർത്തനം. കുട്ടികളുമായി സംവദിക്കുന്നതിനായി 'ബ്ലോഗ്' (http://klachildrenslibrary.wordpress.com) ആരംഭിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ 204-ാം നമ്പർ റൂമിലാണ് കുട്ടികളുടെ ലൈബ്രറി പ്രവർത്തിക്കുന്നത്.

## സേവനങ്ങൾ

**റഫറൻസ് സേവനം:** അംഗങ്ങൾക്ക് ആവശ്യാനുസരണം വിവിധ വിഷയങ്ങളിൽ പഠന രേഖകൾ റഫറൻസ് വിഭാഗം തയ്യാറാക്കി നൽകുന്നു. ഗവേഷകർ, അംഗീകൃത പത്രപ്രതിനിധികൾ, കെ-ലാംപ്സ് (സി.പി.എസ്.റ്റി) വിദ്യാർത്ഥികൾ എന്നിവർക്ക് നിയമസഭ സമ്മേളിക്കാത്ത അവസരങ്ങളിൽ റഫറൻസ് സൗകര്യങ്ങൾ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

**ഇൻഡക്സിംഗ് ആന്റ് ഡോക്യുമെന്റേഷൻ സേവനം**

- അംഗങ്ങൾക്കവശ്യം വേണ്ടിവരുന്ന വിജ്ഞാനം ശേഖരിച്ച്, ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഡൈജസ്റ്റ് എന്ന പ്രസിദ്ധീകരണത്തിലൂടെ പ്രദാനം ചെയ്യുന്നു.
- ഗ്രന്ഥസൂചികകൾ തയ്യാറാക്കുന്നു.
- ജേർണലുകൾ/ആനുകാലികങ്ങൾ മുതലായവയിൽ വരുന്ന ലേഖനങ്ങളുടെ വിഷയ സൂചികകൾ തയ്യാറാക്കുന്നു.

**പ്രസ്സ് ക്ലിപ്പിംഗ് സേവനം :** ദിനപ്പത്രങ്ങളിൽ വരുന്ന പ്രധാന വാർത്തകളും ലേഖനങ്ങളും വിഷയാടിസ്ഥാനത്തിൽ, ഫോൾഡറുകളിലാക്കി സൂക്ഷിക്കുന്നു.

**ഡിജിറ്റൽ ലൈബ്രറി & ഇ-റീഡിംഗ് പോർട്ടൽ**

35000-ൽപ്പരം ഇ-ബുക്കുകളുടെ ശേഖരം നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഇൻട്രാനെറ്റ് വഴി റഫറൻസിന് ലഭ്യമാക്കുന്നു.

**ഫോട്ടോകോപ്പിയിംഗ് സേവനം :** പ്രധാന ലൈബ്രറിയിലും, മെമ്പേഴ്സ് റഫറൻസ് ബ്രാഞ്ചിലും, ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടറിലും ഫോട്ടോ കോപ്പിയിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## കമ്പ്യൂട്ടർവൽക്കരണം

2006 ലാണ് കേരള നിയമസഭാ ലൈബ്രറിയിൽ പുസ്തക വിതരണവും ബന്ധപ്പെട്ട ജോലികളും കമ്പ്യൂട്ടർവൽക്കരിച്ചത്. കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടിട്ടുള്ള നിയമസഭാ ലൈബ്രറികളിൽ, കേരള നിയമസഭാ ലൈബ്രറിക്ക് പ്രഥമസ്ഥാനമാണുള്ളത്. ഇപ്പോൾ 'KOHA' സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിയമസഭാ ലൈബ്രറി കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുള്ളത്. ലൈബ്രറിയിൽ ലഭ്യമായ രേഖകളുടെ വിശദാംശങ്ങൾ കമ്പ്യൂട്ടർ വഴി അറിയാനുള്ള സംവിധാനം OPAC (Online Public Access Catalogue) ഏർപ്പെടുത്തിയിട്ടുണ്ട്.

## ഡിജിറ്റൈസേഷൻ-ഡിജിറ്റൽ ആർക്കൈവ്സ്

1888 മുതൽ 2011 വരെയുള്ള വിവിധ നിയമനിർമ്മാണ സഭകളുടെ നടപടിക്രമങ്ങൾ, നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകൾ, വിവിധ കമ്മീഷൻ/കമ്മിറ്റി റിപ്പോർട്ടുകൾ, നിയമസഭ പാസാക്കുന്ന ബില്ലുകൾ, ബുള്ളറ്റിൻ (പാർട്ട് I & II) എന്നിവയുടെ ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2011 മുതലുള്ള നിയമസഭാ രേഖകളുടെ ഡിജിറ്റൈസേഷൻ ജോലികൾ നിയമസഭാ ലൈബ്രറി ഡിജിറ്റൈസേഷൻ വിഭാഗത്തിൽ ചെയ്തു വരുന്നു. നിയമസഭാ രേഖകളുടെ സംരക്ഷണം, ഏകീകരണം, വ്യാപനം എന്നിവയ്ക്ക് ഡിജിറ്റൈസേഷൻ സഹായകരമാണ്. http://klaproceedings.niyamasabha.org/ എന്ന ലിങ്കിൽ ഈ രേഖകൾ ലഭ്യമാണ്. കൂടാതെ പ്രധാനപ്പെട്ട പത്രങ്ങളുടെ 2019 മുതലുള്ള എഡിറ്റോറിയലുകൾ, ന്യൂസ് പേപ്പർ ക്ലിപ്പിംഗ്സ് എന്ന മോഡ്യൂളിൽ നിയമസഭാ അംഗങ്ങൾക്ക് ലോഗിൻ ചെയ്ത് ഉപയോഗപ്പെടുത്താവുന്നതാണ്.

## ഡേറ്റാ ബേസുകൾ

താഴെപ്പറയുന്ന ശീർഷകങ്ങളിലുള്ള ഡേറ്റാ ബേസുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കി ഉപയോഗക്ഷമമാക്കിയിട്ടുണ്ട്.

- Doper : ആനുകാലികങ്ങളിലെ ലേഖനങ്ങളെ സംബന്ധിക്കുന്ന സൂചിക.
- Person : രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലെ പ്രമുഖരെക്കുറിക്കുന്ന ലേഖനസൂചിക.
- Supreme Court and High Court Judgements: കേരള ഹൈക്കോടതിയുടെ 1957 മുതലുള്ളതും സുപ്രീം കോടതിയുടെ 2000 മുതലുള്ളതുമായ ജഡ്ജുമെന്റുകൾ.

## പ്രസിദ്ധീകരണങ്ങൾ

- ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഡൈജസ്റ്റ്.
- ഡോക്യുമെന്റേഷൻ കേരള.
- കേരള ലെജിസ്ലേച്ചർ ലൈബ്രറി ബുള്ളറ്റിൻ.
- സാമാജികൻ : കേരള നിയമസഭയിലെ ബഹു. സാമാജികർ, മുൻസാമാജികർ, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ, മുൻ പാർലമെന്റംഗങ്ങൾ എന്നിവരുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം.
- ഗ്രന്ഥ/വിഷയ സൂചികകൾ.

## രേഖകൾ കൈവശം വയ്ക്കാവുന്ന പരമാവധി സമയം

പുസ്തകം : 1 മാസം.
ജേർണലുകൾ/ആനുകാലികങ്ങൾ : 1 മാസം.

# പ്രവൃത്തി സമയം

| | |
|---|---|
| പ്രധാന ലൈബ്രറി | എല്ലാ പ്രവൃത്തി ദിവസവും:- 10.15 a.m. to 5.15 p.m. |
| | സഭാ സമ്മേളനത്തിന്റെ തലേദിവസം:- 10.15 a.m. to 8.00 p.m. |
| | നിയമസഭാ സമ്മേളന ദിവസങ്ങളിൽ :- 8.00 a.m. to 8.00 p.m. അന്നത്തെ സിറ്റിംഗ് നീളുകയാണെങ്കിൽ സിറ്റിംഗ് തീരുന്നതുവരെ. |
| | സമ്മേളനം തുടങ്ങുന്ന ദിവസത്തിന്റെ തലേദിവസം പൊതു അവധി ആണെങ്കിൽ:- 2.30 p. m. to 8.00 p.m. |
| | സമ്മേളനത്തിന്റെ ഇടയിലുള്ള മറ്റവധി ദിവസങ്ങളിൽ :- 2.30 p. m. to 5.30 p.m. |
| മെമ്പേഴ്സ് റഫറൻസ് ബ്രാഞ്ച് (റൂം. 504. അസംബ്ലി ബിൽഡിംഗ്) | എല്ലാ പ്രവൃത്തി ദിവസവും :- 10.15 a.m. to 5.15 p.m. |
| | സഭാ സമ്മേളനത്തിന്റെ തലേദിവസം :- 10.15 a.m. to 5.30 p.m. |
| | നിയമസഭാ സമ്മേളന ദിവസങ്ങളിൽ :- 8.00 a.m. to 5.30 p.m. അന്നത്തെ സിറ്റിംഗ് നീളുകയാണെങ്കിൽ സിറ്റിംഗ് തീരുന്നതുവരെ. |
| | സമ്മേളനം തുടങ്ങുന്ന ദിവസത്തിന്റെ തലേദിവസം പൊതു അവധി ആണെങ്കിൽ:- 2.30 p. m. to 5.30 p.m. |
| | സമ്മേളനത്തിന്റെ ഇടയിലുള്ള മറ്റവധി ദിവസങ്ങളിൽ :- 2.30 p. m. to 5.30 p.m. |
| MLA ഹോസ്റ്റൽ എക്സ്റ്റൻഷൻ കൗണ്ടർ | എല്ലാ പ്രവൃത്തി ദിവസവും :- 7.30 a.m. to 5.30 p.m. |
| | നിയമസഭാ സമ്മേളന ദിവസങ്ങളിൽ :- 7.00 a.m. to 8.00 p.m. |
| | സമ്മേളനം തുടങ്ങുന്നതിന്റെ തലേദിവസം അവധിയാണെങ്കിലും ഇടയ്ക്കുള്ള അവധി ദിവസങ്ങളിലും :- 8.00 p. m. to 8.00 p.m. |
| കുട്ടികളുടെ ലൈബ്രറി | എല്ലാ പ്രവൃത്തി ദിവസവും :- 10.30 a.m. to 4.30 p.m. |

# പ്രധാന ഫോൺ നമ്പരുകൾ

| | |
|---|---|
| ചീഫ് ലൈബ്രേറിയൻ | 2512522 |
| ലൈബ്രേറിയൻ (ജനറൽ) | 2512523 |
| ലൈബ്രേറിയൻ (റഫറൻസ്) | 2512284 |
| ലൈബ്രേറിയൻ (മെമ്പേഴ്സ് റഫറൻസ്) | 2512039 |
| ലൈബ്രേറിയൻ (KLAMPS) | 2512566 |
| മെമ്പേഴ്സ് റഫറൻസ് ബ്രാഞ്ച് | 2512593 |
| റഫറൻസ് വിഭാഗം | 2512519 |
| സർക്കുലേഷൻ വിഭാഗം | 2512135 |
| ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടർ | 2512259 |
| ടെക്നിക്കൽ വിഭാഗം | 2512520 |
| ഡിജിറ്റൈസേഷൻ വിഭാഗം | 2512630 |
| ഡോക്യുമെന്റേഷൻ വിഭാഗം | 2512521 |
| മെയിന്റനൻസ് വിഭാഗം | 2512138 |
| കുട്ടികളുടെ ലൈബ്രറി | 2512640 |